**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3940** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധിക്കുന്നതിന് ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവെച്ച തുക വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് മൂന്നാം തരംഗത്തെ നേരിടുന്നതിനായി കിഫ്ബി ഫണ്ടും എം. എൽ.എ ആസ്തി വികസന ഫണ്ടും സംയുക്തമായി ഉപയോഗിച്ച് സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ ഒരോ ആശുപത്രികളിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് 26.07.2021 ലെ ജി.ഒ (ആർ.ടി) നം. 1555/2021/ആകുവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഒരു ഐസൊലേഷൻ വാർഡിന് 1.79 കോടി രൂപയാണ് ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളത്. പ്രവർത്തികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എം. എസ്. സി.എൽ പദ്ധതിക്കുള്ള Request For Proposal (RFP) 23.09.2021 ന് ക്ഷണിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു. ക്രമ നം - ജില്ലാ -അസംബ്ലി മണ്ഡലം - ആരോഗ്യ സ്ഥാപനത്തിന്റെ പേര് 1 തിരുവനന്തപുരം - വർക്കല - എഫ്.എച്ച് .സി ചെമ്മരുത്തി 2 തിരുവനന്തപുരം - ആറ്റിങ്ങൽ - സി.എച്ച്.സി കേശവപുരം 3 തിരുവനന്തപുരം - ചിറയിൻകീഴ് - എഫ്.എച്ച് .സി മംഗലപുരം 4 തിരുവനന്തപുരം - നെടുമങ്ങാട് - എഫ്.എച്ച് .സി കരകുളം 5 തിരുവനന്തപുരം - വാമനപുരം - സി.എച്ച്സി പാലോട് 6 തിരുവനന്തപുരം - കഴക്കൂട്ടം - സി.ഡി.എച്ച് പുലയനാർകോട്ട 7 തിരുവനന്തപുരം - വട്ടിയൂർക്കാവ് - ഡി.എം.എച്ച് പേരൂർക്കട 8 തിരുവനന്തപുരം - തിരുവനന്തപുരം - സി.എസ്. എച്ച് വലിയതുറ 9 തിരുവനന്തപുരം - നേമം -സി.എച്ച്.സി ഐരാണിമുട്ടം 10 തിരുവനന്തപുരം-അരുവിക്കര- സി.എച്ച്.സി വെള്ളനാട് 11 തിരുവനന്തപുരം - പാറശാല -സി.എച്ച്.സി പെരുങ്കടവിള 12 |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം - കാട്ടാക്കട - എഫ്.എച്ച് .സി ആമച്ചൽ 13 തിരുവനന്തപുരം - കോവളം - സി.എച്ച്.സി പൂവാർ 14 തിരുവനന്തപുരം - നെയ്യാറ്റിൻകര- സി.എച്ച്.സി വെൺപകൽ |
| (ബി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാനാണ് നിലവിൽ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പെരുങ്കടവിള സാമൂഹികോരോഗ്യ കേന്ദ്രത്തിനു പകരം വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ